## പതിമൂന്നാം കേരളനിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം : 210 — 19.6.2012 ൽ മറുപടിയ്ക്ക്

### സൗരോർജ്ജ പ്ലാന്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത്<br>,, ഷാഫി പറമ്പിൽ<br>,, വി.റ്റി.ബൽറാം<br>,, ഹൈബി ഈഡൻ | | ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി സെക്രട്ടേറിയറ്റിലും ജില്ലാ ഭരണ കേന്ദ്ര ങ്ങളിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് രൂപം നൽകി യിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഗവ. സെക്രട്ടേറിയേറ്റ്, നിയമസഭാ മന്ദിരം തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വേണ്ടി സാദ്ധ്യതാ പഠനത്തിനും, രൂപ രേഖ തയ്യാറാക്കുന്നതിനുമായി അനെർട്ടിൽ നിന്ന് ഒരു ഉദ്യോഗസ്ഥ സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്; ഇവരുടെ പ്രവർത്തനം നടന്നു വരുന്നു.<br><br>ജില്ലാ ഭരണ കേന്ദ്രങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി രണ്ടാം ഘട്ടമായി ആരംഭിക്കുന്നതാണ്. |
| (ബി) | ഇതിന്റെ പദ്ധതി രൂപരേഖ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതു സമിതിയാണെന്ന് വ്യക്തമാക്കു മോ; | (ബി) | ഇതുവരെ സമർപ്പിച്ചിട്ടില്ല |
| (സി) | ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാ ണ്; സംസ്ഥാനത്തെ മറ്റു സ്ഥാപനങ്ങ ളിലും സൗരോർജ്ജ പ്ലാന്റുകൾ വ്യാ പകമാക്കുന്ന കാര്യം പരിഗണിക്കുമോ ? | (സി) | കേരളത്തിലെ വിവിധ സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കുക വഴി ഉൽപ്പാദിപ്പിക്കപ്പെടുന്ന സൗരവൈദ്യുതി ആഭ്യന്തര ഉപയോഗത്തിന് ഉപയോഗ പ്പെടുത്തുന്നതിലൂടെ, കെ.എസ്.ഇ.ബി ശൃംഖലയിൽ നിന്നും എടുക്കേണ്ടിയിരുന്ന വൈദ്യുതി അത്ര കണ്ട് ലാഭിക്കുന്നതിനും, വിതരണ ശൃംഖലയിലെ വോൾട്ടേജ് ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സാധിക്കുന്നു. ഒരു കിലോവാട്ട് സോളാർ പവർ പ്ലാന്റിൽ നിന്നും പ്രതിദിനം 5 യൂണിറ്റ് വരെ വൈദ്യുതി ലഭിക്കുന്നതാണ്. സംസ്ഥാനത്തെ മറ്റു സ്ഥാപനങ്ങളിലും സൗരോർജ്ജപ്ലാന്റു കൾ വ്യാപകമാക്കുന്ന കാര്യം പരിഗണി ക്കാവുന്നതാണ്. |

(signature)

സെക്ഷൻഓഫീസർ